"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി നിർമാണം പൂർത്തീകരിച്ച ഓഫീസ് കെട്ടിട/ലബോറട്ടറി കോംപ്ളക്സുകളിലേക്കും, മറ്റ് ഓഫീസുകളിലേക്കും അത്യാവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.7/2026/CAD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:- 1. സ.ഉ (സാധാ) നം.36/2025/സിഎഡി തീയതി 04/07/2025.
2. ലീഗൽ മെട്രോളജി കൺട്രോളറുടെ 16.07.2025, 01.09.2025 തിയതികളിലെ LMD-HQ/1516/2024-A1 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി സ്ഥാപിക്കപ്പെടുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്ത ലബോറട്ടറികളിലേക്കും, ഓഫീസുകളിലേക്കും, പുതുതായി നിർമ്മാണം പൂർത്തീകരിച്ച വയനാട്, കാസർഗോഡ്, കോട്ടയം, കൊല്ലം, മുതലായ ജില്ലാ ഓഫീസ് കെട്ടിട/ലബോറട്ടറി കോംപ്ലക്സുകളിലേക്കും, അത്യാവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനും, സബ് ഓഫീസുകളിലെ കാലാഹരണപ്പെട്ടതും, കേടുപാടുകൾ സംഭവിച്ചതുമായ ഫർണിച്ചറുകൾക്ക് പകരമായി പുതിയ ഫർണിച്ചറുകൾ വാങ്ങുന്നതിനും നിലവിലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 3475-00-106-98 Improvement in Quality and Efficiency of Verification (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3.68 കോടി രൂപയിൽ നിന്നും 25 ലക്ഷം രൂപ ടി ആവശ്യത്തിലേക്കായി വിനിയോഗിക്കുന്നതിന് ലീഗൽ മെട്രോളജി കൺട്രോളർ പരാമർശ കത്ത് പ്രകരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി നിർമാണം പൂർത്തീകരിച്ച ഓഫീസ് കെട്ടിട/ലബോറട്ടറി കോംപ്ളക്സുകളിലേക്കും, മറ്റ് ഓഫീസുകളിലേക്കും അത്യാവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിന് ആവശ്യമായ 25,00,000/- (25 ലക്ഷം രൂപ മാത്രം) 3475-00-106-98 Improvement in Quality and Efficiency of Verification (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഫർണിച്ചർ വാങ്ങുന്നതിനു നിലവിലെ വ്യയനിയന്ത്രണ ഉത്തരവുകളിൽ ഇളവു വരുത്തി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ജോയിന്റ് സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ &ഇ/ആഡിറ്റ്),തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം ,പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (CA2/100/2025-CAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ